REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

**തിയ്യതി: 24-05-2026** **സമയം 12.30 PM**

---

## പ്രധാന വാർത്തകൾ

- **G - RAM - G നിയമം നടപ്പാക്കുന്നതിന്റെ തയ്യാറെടുപ്പുകൾ വിലയിരുത്താൻ ന്യൂഡൽഹിയിൽ ഉന്നതതല യോഗം ചേർന്നു.**
- **കേരളത്തിൽ ബക്രീദിന് രണ്ട് ദിവസത്തെ പൊതു അവധി അനുവദിച്ച് ഗവണ്മെന്റ് ഉത്തരവ് പുറപ്പെടുവിച്ചു.**
- **മുഖ്യമന്ത്രിയുടെ സെക്രട്ടറിയായി ഡോ. രത്തൻ U കേൽക്കർ ചുമതലയേറ്റു.**
- **മുഖ്യമന്ത്രി VD സതീശനും, എറണാകുളം ജില്ലയിലെ മന്ത്രിമാർക്കും, MLA മാർക്കും കൊച്ചിയിൽ പൗരസ്വീകരണം.**
- **രണ്ടാം വർഷ ഹയർ സെക്കന്ററി, വൊക്കേഷണൽ ഹയർ സെക്കന്ററി പരീക്ഷാ ഫലം ചൊവ്വാഴ്ച.**
- **IPL ക്രിക്കറ്റിൽ ഇന്ന് രണ്ട് മത്സരങ്ങൾ.**

## വാർത്തകൾ വിശദമായി

G - RAM - G നിയമം 2025 നടപ്പാക്കുന്നതിലെ തയ്യാറെടുപ്പുകൾ വിലയിരുത്താൻ ന്യൂഡൽഹിയിൽ ഉന്നതതല യോഗം ചേർന്നു. കേന്ദ്ര ഗ്രാമ വികസന മന്ത്രാലയത്തിലെ വകുപ്പ് സെക്രട്ടറി രോഹിത് കൻസാലിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ മുതിർന്ന ഉദ്യോഗസ്ഥരും, സംസ്ഥാന - കേന്ദ്ര ഭരണ പ്രദേശങ്ങളിലെ പ്രതിനിധികളും പങ്കെടുത്തു. പദ്ധതി നടപ്പാക്കാൻ ആവശ്യമായ ബജറ്റ് വിഹിതം നീക്കിവെക്കാനും, മതിയായ സാമ്പത്തിക വിഹിതം ഉറപ്പാക്കാനും കേന്ദ്ര - സംസ്ഥാനങ്ങൾക്ക് യോഗം നിർദ്ദേശം നൽകി.

✪✪✪

കോൺഗ്രസ് നേതാവ് രാഹുൽഗാന്ധി രാജ്യത്ത് അരാജകത്വം സൃഷ്ടിക്കാൻ ശ്രമിക്കുകയാണെന്ന് മുതിർന്ന BJP നേതാവും, കേന്ദ്രമന്ത്രിയുമായ പിയൂഷ് ഗോയൽ കുറ്റപ്പെടുത്തി. പ്രധാനമന്ത്രിക്കെതിരായ രാഹുൽഗാന്ധിയുടെ പ്രസ്താവന ഇത്തരമൊരു ഗൂഢാലോചനയിലേക്കാണ് വിരൽചൂണ്ടുന്നതെന്ന് സാമൂഹിക മാധ്യമത്തിൽ ഗോയൽ കുറിച്ചു. ഭരണഘടനാ സ്ഥാപനങ്ങളെയും, രാജ്യത്തെയും അപമാനിച്ച് ഇന്ത്യയുടെ ആഭ്യന്തര കാര്യങ്ങളിൽ ഇടപെടാൻ വിദേശത്തു ചെന്ന് ആവശ്യപ്പെടുകയാണ് രാഹുൽഗാന്ധിയെന്നും ഗോയൽ വിമർശിച്ചു

✪✪✪

CBSE പന്ത്രണ്ടാം ക്ലാസ് പരീക്ഷയുടെ ഉത്തരക്കടലാസ് സ്കാൻ പകർപ്പ് ലഭിക്കാൻ ഇന്നുകൂടി അപേക്ഷിക്കാം. ഉത്തരക്കടലാസുകളുടെ പകർപ്പ് ലഭിച്ച ശേഷം പുനർ മൂല്യനിർണ്ണയത്തിന് അപേക്ഷിക്കാൻ വിദ്യാർത്ഥികൾക്ക് രണ്ട് ദിവസത്തെ സമയം നൽകിയതായും CBSE അറിയിച്ചു.

✪✪✪

ചൈനയിലെ ഷാൻസി പ്രവിശ്യയിലെ കൽക്കരി ഖനി അപകടത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദി ദുഃഖം അറിയിച്ചു. പ്രസിഡന്റ് ഷി ജിൻ പിങ്ങിനെയും, ജനതയെയും അനുശോചനം അറിയിച്ച പ്രധാനമന്ത്രി, കാണാതായവർ എത്രയും വേഗം സുരക്ഷിതമായി തിരിച്ചെത്തട്ടെയെന്ന് സാമൂഹിക മാധ്യമത്തിൽ കുറിച്ചു.

✪✪✪

കേരളത്തിൽ ബക്രീദിന് രണ്ട് ദിവസത്തെ പൊതു അവധി നൽകി ഗവണ്മെന്റ് ഉത്തരവ് പുറപ്പെടുവിച്ചു. നേരത്തെ അറിയിച്ച 28 നു പുറമെ 27 നും അവധി നൽകിയിട്ടുണ്ട്.

ഗവണ്മെന്റ് ഓഫീസുകൾക്കും, പൊതുമേഖലാ സ്ഥാപനങ്ങൾക്കും, പ്രൊഫഷണൽ കോളജുകൾ അടക്കം വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും അവധി ബാധകമാണ്. ബാങ്കുകൾക്കും ഈ രണ്ട് ദിവസം അവധിയായിരിക്കും.

✪✪✪

മുഖ്യമന്ത്രിയുടെ സെക്രട്ടറിയായി ഡോ. രത്തൻ കേൽക്കർ ചുമതലയേറ്റു. ഇന്നലെയാണ് ഉന്നത ഉദ്യോഗസ്ഥ തലത്തിലെ അഴിച്ചുപണിയിൽ ഡോ. കേൽക്കറെ മുഖ്യമന്ത്രിയുടെ സെക്രട്ടറി പദവിയിൽ നിയമിച്ചത്.

✪✪✪

മുഖ്യമന്ത്രി VD സതീശന്റെ സെക്രട്ടറിയായി മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ ഡോ. രത്തൻ U കേൽക്കറെ നിയമിച്ച നടപടിയിൽ CPIM ഉം, BJP യും പ്രതിഷേധമറിയിച്ചു.

പശ്ചിമബംഗാൾ മാതൃകയിൽ നിരവധി ആളുകളെ വോട്ടർപട്ടികയിൽ നിന്ന് ഒഴിവാക്കിയെന്ന ആരോപണം കേൽക്കറും നേരിടുന്നുണ്ടെന്ന് CPIM സംസ്ഥാന സെക്രട്ടറി MV ഗോവിന്ദൻ മാധ്യമങ്ങളോട് പറഞ്ഞു.

ഈ നടപടിയോടെ കോൺഗ്രസിന്റെ കാപട്യവും, ഇരട്ടത്താപ്പും പുറത്തുവന്നതായി BJP അഭിപ്രായപ്പെട്ടു. പശ്ചിമബംഗാളിലെ നിയമനത്തിൽ BJP യ്ക്കെതിരെ കോൺഗ്രസ് ആരോപണം ഉന്നയിച്ചിരുന്നതായി BJP നേതാക്കൾ പറഞ്ഞു.

ഭരണത്തിന് നേതൃത്വം നൽകുന്നവരുടെ തീരുമാനമാണ് നിയമനമെന്നും, അക്കാര്യത്തിൽ അവരാണ് അഭിപ്രായം പറയേണ്ടതെന്നും AICC ജനറൽ സെക്രട്ടറി KC വേണുഗോപാൽ പ്രതികരിച്ചു.

ഗവൺമെന്റിന്റെ ആഭ്യന്തര വിഷയമാണ് സെക്രട്ടറിയുടെ നിയമനമെന്നും, അതിനോട് പ്രതികരിക്കാൻ തയ്യാറല്ലെന്നും മന്ത്രി PK കുഞ്ഞാലിക്കുട്ടിയും അറിയിച്ചു.

✪✪✪

മുഖ്യമന്ത്രി VD സതീശനും, എറണാകുളം ജില്ലയിലെ മന്ത്രിമാർക്കും, MLA മാർക്കും കൊച്ചിയിൽ സംഘടിപ്പിച്ച പൗരസ്വീകരണ ചടങ്ങ് പുരോഗമിക്കുന്നു. ആറന്മുള MLA അബിൻ വർക്കി, പാലക്കാട് MLA രമേഷ് പിഷാരടി എന്നിവർക്കും സ്വീകരണം നൽകുമെന്ന് UDF ജില്ലാ ചെയർമാൻ ഡൊമനിക് പ്രസന്റേഷൻ അറിയിച്ചു.

മുഖ്യമന്ത്രിയായി സത്യപ്രതിജ്ഞ ചെയ്ത ശേഷം ആദ്യമായി സ്വന്തം മണ്ഡലമായ പറവൂരിലെത്തുന്ന VD സതീശന് വൈകിട്ട് സ്വീകരണം നൽകുന്നുണ്ട്. ഗാനരചയിതാവ് ശ്രീകുമാരൻ തമ്പി പരിപാടി ഉദ്ഘാടനം ചെയ്യും. പറവൂർ പൗരാവലിയുടെ ഉപഹാരം നടൻ മോഹൻലാൽ മുഖ്യമന്ത്രിക്ക് സമ്മാനിക്കും.

✪✪✪

സംസ്ഥാനത്തെ തൊഴിൽക്ഷാമം നേരിടാൻ ജില്ലാ തല തൊഴിൽമേളകൾ സംഘടിപ്പിക്കുമെന്ന് മന്ത്രി ബിന്ദു കൃഷ്ണ അറിയിച്ചു. മേളയ്ക്ക് പ്രത്യേക ടോൾഫ്രീ നമ്പർ ഏർപ്പെടുത്തുമെന്നും, തൊഴിലാളി ക്ഷേമവും വികസനവും സംബന്ധിച്ച് വിപുലമായ പദ്ധതി ആവിഷ്ക്കരിക്കുമെന്നും മന്ത്രി കൊല്ലത്ത് പറഞ്ഞു.

✪✪✪

പശ്ചിമ ബംഗാളിലെ ഫാൽത്ത നിയമസഭാ ഉപതിരഞ്ഞെടുപ്പിൽ BJP സ്ഥാനാർത്ഥി ദേബാങ്ഷു പാണ്ഡെ മുന്നേറ്റം തുടരുന്നു. എട്ട് റൗണ്ട് വോട്ടെണ്ണൽ കഴിഞ്ഞപ്പോൾ പാണ്ഡെയുടെ ലീഡ് 31,000 കവിഞ്ഞു.

✪✪✪

കോംഗോയിൽ എബോള ബാധിച്ച് മരിച്ചവരുടെ എണ്ണം 204 ആയി. 867 പേരിലാണ് രോഗബാധ സംശയിക്കുന്നത്. കോംഗോയ്ക്കും, ഉഗാണ്ടയ്ക്കും പുറമെ ആഫ്രിക്കൻ ഭൂഖണ്ഡത്തിലെ മറ്റു ചില രാജ്യങ്ങളിലേക്കും രോഗ വ്യാപനത്തിന് സാധ്യതയുണ്ടെന്ന് ആഫ്രിക്കൻ യൂണിയൻ ഹെൽത്ത് അതോറിറ്റി മുന്നറിയിപ്പു നൽകി. കോംഗോയിൽ മൂന്ന് റെഡ്ക്രോസ് വളണ്ടിയർമാർ രോഗം ബാധിച്ച് മരിച്ചതായി സംഘടന വെളിപ്പെടുത്തി.

✪✪✪

അന്തരിച്ച പ്രമുഖ മാധ്യമ പ്രവർത്തകൻ K.G പരമേശ്വരൻ നായർ അനുസ്മരണ പരിപാടിയിൽ സ്പീക്കർ തിരുവഞ്ചൂർ രാധാകൃഷ്ണൻ പങ്കെടുക്കും. നാളെ ഉച്ചയ്ക്ക് തിരുവനന്തപുരം പ്രസ് ക്ലബിൽ സംഘടിപ്പിക്കുന്ന പരിപാടിയിൽ രാഷ്ട്രീയ- മാധ്യമ രംഗങ്ങളിലെ പ്രമുഖർ K.G യെ അനുസ്മരിക്കാനെത്തും.

✪✪✪

പ്രധാനമന്ത്രി നരേന്ദ്രമോദി ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി 'മൻ കീ ബാത് ഈ മാസം 31-ന്. പരിപാടിയിലേക്ക് ആശയങ്ങളും അഭിപ്രായങ്ങളും 1800-11-7800 എന്ന ടോൾ ഫ്രീ നമ്പറിലോ, നമോ ആപ്പ്, My gov ഓപ്പൺ ഫോറം എന്നിവ വഴിയോ 29 വരെ സമർപ്പിക്കാം.

✪✪✪

രണ്ടാം വർഷ ഹയർ സെക്കന്ററി, വൊക്കേഷണൽ ഹയർ സെക്കന്ററി പരീക്ഷാ ഫലം ചൊവ്വാഴ്ച ഉച്ചകഴിഞ്ഞ് മൂന്നിന് മന്ത്രി N ഷംസുദ്ദീൻ പ്രഖ്യാപിക്കും. ഔദ്യോഗിക വെബ്സൈറ്റുകളിൽ ഫലം ലഭ്യമാകും.

പുതിയ അധ്യയന വർഷത്തെ പ്ലസ് വൺ അപേക്ഷാ സമർപ്പണം നാളെ തുടങ്ങും. ഓൺലൈൻ വഴിയാണ് അപേക്ഷിക്കേണ്ടത്. ഹയർസെക്കന്ററിയിൽ നിലവിൽ മൂന്നു ലക്ഷത്തി 61,044 സീറ്റുണ്ട്. വൊക്കേഷണൽ ഹയർ സെക്കന്ററിക്ക് 33,000 സീറ്റുകളും, പോളിടെക്നിക്കുകളിലും ITI കളിലുമായി 30,545 സീറ്റുകളുമുണ്ട്.

✪✪✪

സ്കൂൾ തുറക്കാൻ ദിവസങ്ങൾ മാത്രം ബാക്കിനിൽക്കെ പാലക്കാട് ജില്ലയിലെ സ്കൂളുകളുടെ ഫിറ്റ്നസ് പരിശോധന പുരോഗമിക്കുന്നു. വിദ്യാഭ്യാസ ജില്ലയിലെ 40 ശതമാനത്തോളം സ്കൂളുകളുടെ പരിശോധന പൂർത്തിയാക്കി ഫിറ്റ്നസ് സർട്ടിഫിക്കറ്റുകൾ നൽകിയിട്ടുണ്ട്.

പാലക്കാട് നിന്ന് ഫൈസൽ അലി മുത്ത് ....

.....(വോയ്സ്).....

✪✪✪

സംസ്ഥാനത്ത് ബുധനാഴ്ച വരെ മഴ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. ഇന്ന് ഏഴ് ജില്ലകളിൽ മഞ്ഞ ജാഗ്രത നൽകി. പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം, ഇടുക്കി, തൃശൂർ, മലപ്പുറം ജില്ലകളിലാണ് ജാഗ്രതാ നിർദ്ദേശം. ലക്ഷദ്വീപിലും ഇന്ന് മഞ്ഞ ജാഗ്രതയാണ്.

കേരള - ലക്ഷദ്വീപ് തീരങ്ങളിൽ ഇന്ന് മണിക്കൂറിൽ 60 കിലോമീറ്റർ വരെ വേഗത്തിൽ കാറ്റിന് സാധ്യതയുണ്ടെന്നും മീൻപിടുത്തക്കാർ കടലിൽ പോകരുതെന്നും നിർദ്ദേശമുണ്ട്.

✪✪✪

കോഴിക്കോട് ജില്ലയിൽ ഒരു കുട്ടിക്ക് കൂടി ഷിഗല്ല റിപ്പോർട്ട് ചെയ്തു. മെഡിക്കൽ കോളജ് ആശുപത്രിയിൽ ചികിൽസയിൽ കഴിയുന്ന കുട്ടിക്കാണ് രോഗബാധ. കുട്ടിയുടെ ആരോഗ്യ നില തൃപ്തികരമാണെന്ന് അധികൃതർ പറഞ്ഞു. പെരുമണ്ണ പഞ്ചായത്തിൽ രണ്ടു കുട്ടികൾക്ക് ഷിഗല്ല റിപ്പോർട് ചെയ്ത സാഹചര്യത്തിൽ പ്രതിരോധ പ്രവർത്തനങ്ങൾ ശക്തമാക്കി.

✪✪✪

IPL ക്രിക്കറ്റിൽ ഇന്ന് രണ്ട് മത്സരങ്ങൾ. ആദ്യ മാച്ചിൽ മുംബൈ ഇന്ത്യൻസ്, രാജസ്ഥാൻ റോയൽസിനെ നേരിടും. മുംബൈ വാങ്കഡെ സ്റ്റേഡിയത്തിൽ വൈകിട്ട് മൂന്നരയ്ക്കാണ് മത്സരം.

രണ്ടാം മാച്ചിൽ കൊൽക്കത്ത നൈറ്റ് റൈഡേഴ്സ്, ഡൽഹി ക്യാപിറ്റൽസിനെ നേരിടും. കൊൽക്കത്ത ഈഡൻ ഗാർഡൻസിൽ വൈകിട്ട് ഏഴരയ്ക്ക് മത്സരം ആരംഭിക്കും.

✪✪✪

ഫ്രഞ്ച് ഓപ്പൺ ടെന്നിസിന്റെ 125-ാം പതിപ്പിന് പാരിസിൽ ഇന്ന് തുടക്കമാവും. ഇന്ത്യൻ സമയം ഉച്ചക്ക് രണ്ടരയ്ക്കാണ് പുരുഷ-വനിതാ സിംഗിൾസ് മത്സരം.

✪✪✪

വയനാട്ടിലെ പാടശേഖരങ്ങളിൽ പുഞ്ചക്കൃഷി കൊയ്ത്ത് ആരംഭിച്ചു. മഴ ശക്തമാകും മുൻപ് കൊയ്ത്ത് പൂർത്തിയാക്കാൻ ഒരുക്കത്തിലാണ് കർഷകർ.

വയനാട്ടിൽ നിന്ന് അരുൺ വിൻസന്റ് .....

.......(വോയ്സ്)...............

✪✪✪

ലോക സ്കീസോഫ്രീനിയ ദിനാചരണത്തിന്റെ ഭാഗമായി കോഴിക്കോട്ട് വിവിധ സംഘടനകളുടെ നേതൃത്വത്തിൽ വൈകിട്ട് ബീച്ച് ഫ്രീഡം സ്ക്വയറിൽ പൊതുജന ബോധവത്ക്കരണ പരിപാടി സംഘടിപ്പിക്കും. ആകാശ കാഴ്ചയെന്ന പേരിൽ പ്രധാന കേന്ദ്രങ്ങളിൽ തെരുവു നാടകവും അവതരിപ്പിക്കും.

✪✪✪

---

***News Editor : അനിൽ ചന്ദ്രൻ***
***News Reader: ഫസ്ന ഫാത്തിമ***
***News team : വി കെ സുരേഷ്, അനുഷ ആത്മപ്രകാശ്***
***DEO: ഷീബ***